**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1921** **05-07-2022 - ൽ മറുപടിയ്ക്ക്**

**സബ്സിഡി നിരക്കിൽ വൈക്കോൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാലിത്തീറ്റയുടെ അമിത വിലവര്‍ദ്ധനവും കാലവര്‍ഷക്കെടുതിയില്‍ വ്യാപകമായി വൈക്കോല്‍ നശിച്ചതും മൂലം കന്നുകാലികള്‍ക്ക് ശരിയാംവണ്ണം തീറ്റകൊടുക്കാന്‍ സാധിക്കാതെ ക്ഷീരകര്‍ഷകര്‍ വലിയ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതിന് പരിഹാരമായി കഴിഞ്ഞ പ്രളയകാലത്ത് സബ്സിഡി നിരക്കില്‍ വൈക്കോല്‍ ലഭ്യമാക്കിയത് പോലെയുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ? | (ബി) | ഉണ്ട്. ക്ഷീരസംഘങ്ങളില്‍ നിന്നും കര്‍ഷകര്‍ വാങ്ങുന്ന കാലിത്തീറ്റയ്ക്കും, പച്ചപ്പുല്ലിനും, വൈക്കോലിനും ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് വകുപ്പ് സബ്സിഡി നല്‍കി വരുന്നുണ്ട്. 2022-23 വര്‍ഷത്തില്‍ 257 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.<br><br>കാലിത്തീറ്റ വില നിയന്ത്രണത്തിന്റെ ഭാഗമായി മില്‍മയുടെ മില്‍മ - ഗോമതി റിച്ച് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 25/-രൂപയും മില്‍മ - ഗോമതി ഗോള്‍ഡ് കാലിത്തീറ്റയ്ക്ക് 70/-രൂപയും ഡിസ്കൗണ്ട് നല്‍കി വരുന്നുണ്ട്. കോവിഡ് റിലീഫ് പദ്ധതി വഴി 2021-22 ല്‍ 116878 ചാക്ക് കാലിത്തീറ്റ 400/-രൂപ ഡിസ്കൗണ്ട് നിരക്കില്‍ മില്‍മ വിതരണം ചെയ്തിരുന്നു.<br><br>പ്രളയകാലത്തു നല്‍കിയതുപോലെ തന്നെ മില്‍മയുടെ എറണാകുളം മേഖലായൂണിയന്‍ വൈക്കോല്‍ /സൈലേജ് വിതരണത്തിനായി പ്രത്യേക സംവിധാനങ്ങളൊരുക്കി അന്യസംസ്ഥാനങ്ങളില്‍ നിന്നും ഏറ്റവും കുറഞ്ഞ നിരക്കില്‍ ഗുണമേന്മയുള്ള വൈക്കോല്‍, സൈലേജ് എന്നിവ കര്‍ഷകര്‍ക്ക് എല്ലാ വര്‍ഷവും ലഭ്യമാക്കുന്നുണ്ട്. വൈക്കോല്‍, സൈലേജ് എന്നിവയ്ക്ക് കിലോഗ്രാമിന് 2 രൂപ നിരക്കില്‍ സബ്സിഡി നല്‍കി വരുന്നു. 2021-22 സാമ്പത്തിക വര്‍ഷത്തില്‍ 126 ലക്ഷം രൂപയിലധികം ഈയിനത്തില്‍ സബ്സിഡി നല്‍കി. 2022-23 സാമ്പത്തിക വര്‍ഷത്തിലെ പി & ഐ ബജറ്റില്‍ |

| | | | |
|---|---|---|---|
| | | | ഈയിനത്തിൽ 126 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.<br><br>മിൽമയുടെ മലബാർ മേഖലാ യൂണിയന്റെ സഹോദര സ്ഥാപനമായ എം.ആർ.ഡി.എഫ് വഴി ഗുണനിലവാരമുള്ള വൈക്കോൽ ക്ഷീര കർഷകർക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കി വരുന്നുണ്ട്. അയൽ സംസ്ഥാനങ്ങളിൽ ലഭ്യമായ മികച്ചതും വില കുറഞ്ഞതുമായ പച്ചപ്പുല്ല് , ചോളപ്പുല്ല് , സൈലേജ് എന്നീ തീറ്റവസ്തുക്കൾ ക്ഷീര സംഘം മുഖാന്തിരം ക്ഷീര കർഷകർക്ക് കിലോ ഗ്രാമിന് രണ്ട് രൂപ തോതിൽ സബ്സിഡിയോടുകൂടി ആവശ്യാനുസരണം നൽകുന്നുണ്ട് .<br><br>പൊതുമേഖലാസ്ഥാപനമായ കേരള ഫീഡ്സ് ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന കേരള ഫീഡ്സ് - എലൈറ്റ്, കേരള ഫീഡ്സ് - മിട്ടുക്കി എന്നീ കാലിത്തീറ്റയ്ക്ക് സർക്കാർ നയത്തിന് അനുസൃതമായി വിലക്കിഴിവ് കമ്പനി നൽകിയിട്ടുണ്ട്. നിലവിൽ കേരള ഫീഡ്സ് - മിട്ടുക്കി കാലിത്തീറ്റയ്ക്ക് ചാക്കൊന്നിന് 20/- രൂപ വിലക്കിഴിവ് കമ്പനി നല്കി വരുന്നുണ്ട്. കൂടാതെ കേരള ഫീഡ്സ് - എലൈറ്റ് കാലിത്തീറ്റയ്ക്ക് സ്വകാര്യമേഖലയിലെ സമാനമായ കാലിത്തീറ്റയെക്കാൾ 135/- രൂപയും കേരള ഫീഡ്സ് - മിട്ടുക്കി കാലിത്തീറ്റയ്ക്ക് 90/- രൂപയും നിലവിൽ വിലക്കുറവ് ഉണ്ട്. |

സെക്ഷൻ ഓഫീസർ